LIBRARY ARCHIVES Kerala Legislative Assembly

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികൾ

89 (2367) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി ആലത്തൂർ അസംബ്ലി മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും വിശദമാക്കാമോ?

ഉത്തരം

യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻറൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാർ എന്നിവയാണ് സ്കൂളുകളിൽ നടത്തിവരുന്ന പ്രധാന പരിപാടികൾ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്കൂളുകളിൽ അവയുടെ പേരിന് നേരെ ചേർത്തിരിക്കുന്ന പരിപാടി നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | സ്കൂൾ | പരിപാടി | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 2017-18 | GGHSS ആലത്തൂർ, പാലക്കാട് | യൂത്ത് പാർലമെന്റ് മത്സരം | 6,000 |
| 2 | 2017-18 | GHSS കിഴക്കൻചേരി, പാലക്കാട് | യൂത്ത് പാർലമെന്റ് മത്സരം | 6,000 |
| 3 | 2017-18 | ലൂർദ് മാതാ HSS മംഗലംഡാം | സ്കൂൾ സെമിനാർ | 16,409 |
| 4 | 2017-18 | GHSS എരിമയൂർ പാലക്കാട് | സ്കൂൾ സെമിനാർ | 20,000 |
| 5 | 2019-20 | GGHSS ആലത്തൂർ, പാലക്കാട് | ഹ്യൂമൻറൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് | 10,000 |
| 6 | 2019-20 | GGHSS ആലത്തൂർ, പാലക്കാട് | യൂത്ത് പാർലമെന്റ് മത്സരം | 0 |
| | | | ആകെ തുക | 58,409 |

മേൽ വിവരിച്ച പ്രകാരം മേൽ സ്കൂളുകൾക്ക് ആകെ 58,409 (അമ്പത്തി എട്ടായിരത്തി നാന്നൂറ്റി ഒമ്പത് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 2019-2020 വർഷത്തിലെ യൂത്ത് പാർലമെന്റ് മത്സരം നടത്തിയ വകയിൽ GGHSS ആലത്തൂരിന് 7,500 രൂപ കൂടി നൽകേണ്ടതുണ്ട്.

**വനിതാ സംവിധായകർക്ക് ധനസഹായം**

90 (2368) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സംവിധായകർക്ക് ധനസഹായം നൽകി സിനിമ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ഇതിനകം എത്ര വനിതാ സംവിധായകർക്ക് ധനസഹായം നൽകിയെന്നും എന്ത് തുക വീതമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വനിതാ സംവിധായകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ട് വനിതാ സംവിധായകരെ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം വനിതാ സിനിമാ നിർമ്മാണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തരം 7,77,184 രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത ഒരു വനിതാ സംവിധായകയ്ക്ക് പ്രീപ്രൊഡക്ഷൻ ആവശ്യങ്ങൾക്കായി 1,85,000 രൂപയും നാളിതുവരെ നല്കിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ 2019-20-ലെ ബഡ്ജറ്റിൽ രണ്ട് വനിതാ സംവിധായകരാൽ സിനിമാ നിർമ്മാണം നടത്തുന്നതിന് 3 കോടി രൂപ വകയിരുത്തുകയും ആയതിന് കെ.എസ്.എഫ്.ഡി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി.-യുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായ സബ്കമ്മിറ്റി 9-5-2019- ന് യോഗം ചേരുകയും പത്രപ്പരസ്യം മുഖേന സ്ക്രിപ്റ്റുകൾ ക്ഷണിക്കുകയും ചെയ്തു. ഇങ്ങനെ ലഭിച്ച സ്ക്രിപ്റ്റുകൾ പരിശോധിക്കുന്നതിനായി 28-6-2019-ന് നടന്ന 190-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും 5 ജൂറി അംഗങ്ങളെ നിയമിക്കുവാനും ഇതിൽ 3 സ്ത്രീകളും 2 പുരുഷന്മാരും ആയിരിക്കണം ജൂറി അംഗങ്ങൾ എന്നും

LIBRARY ARCHIVES Kerala Legislative Assembly